LIBRARY ARCHIVES Kerala Legislative Assembly

'റോപ്‌വേ സംവിധാനം'

88 (1558) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് ഇപ്പോൾ 'റോപ് വേ' സംവിധാനം നിലവിലുള്ളത് ;

(ബി) 'റോപ് വേ' സംവിധാനം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് സ്വകാര്യവ്യവസായ സംരംഭകർക്ക് അനുമതി നൽകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്കനുസരിച്ചാണ് ഇപ്രകാരം അനുമതി നൽകുന്നത് ;

(സി) നവീകരണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത മംഗലംഡാം ടൂറിസ്റ്റ് കേന്ദ്രത്തിൽ ഒരു 'റോപ് വേ' സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലമ്പുഴ ഡാമിൽ.

(ബി) മലമ്പുഴയിൽ വളരെ വർഷങ്ങൾക്കുമുമ്പ് 'റോപ് വേ' സ്ഥാപിക്കാൻ അനുമതി നൽകിയിരുന്നു. ഇപ്പോൾ ഇത്തരം പദ്ധതികൾ വകുപ്പ് ടെണ്ടർ ചെയ്തിട്ടില്ല. ആയതിനാൽ വ്യവസ്ഥകൾ ഒന്നും രൂപപ്പെടുത്തിയിട്ടില്ല.

(സി) 'റോപ് വേ' സർക്കാർ ചെലവിൽ സ്ഥാപിക്കുന്നതിന് അഭികാമ്യം ആയിരിക്കില്ല. സ്വകാര്യ മേഖലയുടെ സഹകരണത്തോടുകൂടി മാത്രമേ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഇറിഗേഷൻ വകുപ്പ് റോപ് വേ സ്ഥാപിക്കുന്നതിന് അനുവാദം നൽകാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് അനന്തരനടപടികൾ ഒന്നും ആയിട്ടില്ല എന്ന് വരികിലും ഇക്കാര്യം ടൂറിസം വകുപ്പിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

മരുതിമല ഇക്കോ ടൂറിസം പദ്ധതി

89 (1559) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുതിമല ഇക്കോ ടൂറിസം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം, നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ട വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ ഒരു റിപ്പോർട്ട് ഇക്കോ ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.